REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-02-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പ് ഫലം ഇന്നറിയാം. വോട്ടെണ്ണൽ രാവിലെ എട്ടിന് തുടങ്ങും.
- സ്കിൽ ഇന്ത്യ പദ്ധതിയുടെ തുടർച്ചയ്ക്കും പുനഃസംഘടനയ്ക്കും കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം.
- ചൂരൽമല, മുണ്ടക്കൈ ദുരന്തത്തിൽ 242 പേരെ ആദ്യഘട്ട പുനരധിവാസത്തിന് തെരഞ്ഞെടുത്തു.
- സംസ്ഥാനത്ത് വനം വകുപ്പും ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് "പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം" പദ്ധതി നടപ്പാക്കും.
- 38-ാമത് ദേശീയ ഗെയിംസ്, പുരുഷ ഫുട്ബോൾ കിരീടം കേരളത്തിന്. അത്‌ലറ്റിക് മത്സരങ്ങൾ ഇന്ന് തുടങ്ങും.

## വാർത്തകൾ വിശദമായി

ശക്തമായ ത്രികോണ മത്സരം നടന്ന ഡൽഹി നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലം ഇന്നറിയാം. രാവിലെ എട്ടിന് 70 മണ്ഡലങ്ങളിലേയും വോട്ടെണ്ണൽ ആരംഭിക്കും. വോട്ടെണ്ണലിന് എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി ഡൽഹി ചീഫ് ഇലക്ട്രൽ ഓഫീസർ ആലീസ് വാസ് അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്........

11 ജില്ലകളിലെ വോട്ടെണ്ണാൻ 19 കൗണ്ടിംഗ് കേന്ദ്രങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നത്. 5,000ത്തോളം ജീവനക്കാരെ ഇതുമായി ബന്ധപ്പെട്ട ജോലികൾക്ക് നിയോഗിച്ചു.

26 വർഷത്തിന് ശേഷം BJP ദേശീയ തലസ്ഥാനത്ത് ഗവൺമെന്റ് രൂപീകരിക്കുമോ, തുടർച്ചയായി നാലാം തവണയും ആം ആദ്മി പാർട്ടി ഭരണത്തിലെത്തുമോ എന്ന ചോദ്യങ്ങൾക്ക് ഉച്ചയോടെ ഉത്തരമാകും. കഴിഞ്ഞ രണ്ട് തെരഞ്ഞെടുപ്പിലും സീറ്റ് നേടാൻ കഴിയാതിരുന്ന കോൺഗ്രസ് എന്തെങ്കിലും നേട്ടം ഉണ്ടാക്കുമോ എന്നും ഇന്ന് വ്യക്തമാകും.

ആം ആദ്മി പാർട്ടി MLA മാരെ സ്വാധീനിക്കാൻ BJP ശ്രമിക്കുന്നുവെന്ന കെജരിവാളിന്റെ പരാതിയെ തുടർന്ന് പൊലീസിന്റെ അഴിമതി വിരുദ്ധ വിഭാഗം ഉദ്യോഗസ്ഥർ അദ്ദേഹത്തിന്റെ വസതിയിൽ വിവരശേഖരണത്തിനെത്തി. എന്നാൽ അവരെ കാണാൻ കെജരിവാൾ വിസമ്മതിച്ചു.

ത്രികോണ മത്സരം നടന്ന ഡൽഹിയിലെ തെരഞ്ഞെടുപ്പ് ഫലം രാജ്യം മുഴുവൻ ഉറ്റുനോക്കുന്ന രാഷ്ട്രീയ സംഭവ വികാസമാണ്. BJP യും ആം ആദ്മി പാർട്ടിയും കോൺഗ്രസും വ്യാപകമായ പ്രചാരണമാണ് നടത്തിയത്. 699 സ്ഥാനാർത്ഥികൾ മത്സര രംഗത്തുണ്ടായിരുന്നു. 36 സീറ്റ് നേടുന്ന പാർട്ടിക്കായിരിക്കും ഡൽഹി ഭരണം പിടിച്ചെടുക്കാൻ സാധിക്കുക.

✪✪✪

സ്കിൽ ഇന്ത്യ പദ്ധതിയുടെ തുടർച്ചയ്ക്കും പുനഃസംഘടനയ്ക്കും കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. 2022-23 മുതൽ 2025-26 വരെ സ്കിൽ ഇന്ത്യ പരിപാടിയ്ക്കായി 8,800 കോടി രൂപ അനുവദിച്ചു. ആവശ്യകതയേറിവരുന്ന നൈപുണ്യ വികസന മേഖലയിൽ ഗവണ്മെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും അനുബന്ധ മേഖലകളുടെ സംയോജനത്തിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പ്രാധാന്യം നൽകുമെന്നും മന്ത്രിസഭാ യോഗ തീരുമനങ്ങൾ അറിയിച്ച കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ പറഞ്ഞു.

സഫർ കർമചാരികളുടെ ദേശീയ കമ്മീഷന്റെ കാലാവധി 2028 മാർച്ച് വരെ നീട്ടിയതായും കേന്ദ്രമന്ത്രി അറിയിച്ചു.

✪✪✪

വിനോദവും സർഗാത്മകതയും സാംസ്കാരികതയും സമന്വയിപ്പിക്കുന്ന ലോക ദൃശ്യ-ശ്രാവ്യ വിനോദ ഉച്ചകോടി - വേവ്സിന്റെ ഉപദേശക സമിതി യോഗം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ അധ്യക്ഷതയിൽ ചേർന്നു. അമിതാഭ് ബച്ചൻ, രജനീകാന്ത്, ഷാറൂഖ് ഖാൻ, രൺബീർ കപൂർ, അനുപം ഖേർ, AR റഹ്മാൻ

തുടങ്ങി ദേശീയ-അന്തർദേശീയ തലങ്ങളിലെ ഈ രംഗത്തെ പ്രമുഖരുമായി പ്രധാനമന്ത്രി സംവദിച്ചു.

ഉച്ചകോടിയ്ക്ക് പിന്തുണ നൽകാനും ഇന്ത്യയെ ആഗോള വിനോദ കേന്ദ്രമാക്കാൻ നടത്തുന്ന ശ്രമങ്ങൾക്ക് അവർ മൂല്യമേറിയ ഉൾക്കാഴ്ചകൾ പങ്കുവെച്ചതായും പ്രധാനമന്ത്രി സമൂഹമാധ്യമ കുറിപ്പിൽ പറഞ്ഞു.

✪✪✪

ചൂരൽമല, മുണ്ടക്കൈ ദുരന്തത്തിൽ പുനരധിവാസത്തിന് തെരഞ്ഞെടുത്തവരുടെ ആദ്യ പട്ടികയ്ക്ക് ഇന്നലെ ചേർന്ന ദുരന്തനിവാരണ അതോറിറ്റി യോഗം അംഗീകാരം നൽകി. 242 പേരാണ് ഒന്നാം ഘട്ട പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

ദുരന്തത്തിൽ വീട് നഷ്ടപ്പെട്ടവർ, വാടകയ്ക്കും പാടികളിലും താമസിച്ചിരുന്നവർ എന്നിവരിൽ, മറ്റൊരിടത്തും വീടില്ലാത്തവരെയാണ് ഒന്നാം പട്ടികയിൽ ചേർത്തത്.

✪✪✪

രണ്ടാമത് കേരള രാജ്യാന്തര ഊർജ്ജമേളയ്ക്ക് തിരുവനന്തപുരത്ത് തുടക്കമായി. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ പരമാവധി ഉപയോഗിച്ച് വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കുകയാണ് സംസ്ഥാനത്തിന്റെ ലക്ഷ്യമെന്ന് ഊർജമേള ഉദ്ഘാടനം ചെയ്ത മന്ത്രി K കൃഷ്ണൻകുട്ടി പറഞ്ഞു. 2030-ഓടെ സംസ്ഥാനത്തിന് വേണ്ട വൈദ്യുതിയുടെ 50 ശതമാനം പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് കണ്ടെത്താനാണ് ശ്രമിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. മേള നാളെ സമാപിക്കും.

✪✪✪

സംസ്ഥാന വനം വകുപ്പും ദുരന്ത നിവാരണ അതോറിറ്റിയും മറ്റ് വകുപ്പുകളുമായി ചേർന്ന് “പാമ്പുവിഷബാധ ജീവഹാനി രഹിത കേരളം” പദ്ധതി നടപ്പിലാക്കും. മനുഷ്യ-വന്യജീവി സംഘർഷത്തിൽ ഭൂരിഭാഗവും പാമ്പുകടി മരണങ്ങളാകുന്നതാണ് പദ്ധതിയ്ക്ക് പ്രേരണയായത്. മുഖ്യമന്ത്രി അധ്യക്ഷനായ സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ പദ്ധതിക്ക് അംഗീകാരം നൽകി. സംസ്ഥാനത്ത് ആവശ്യമായ ആന്റിവെനം ഉത്പാദനവും പദ്ധതിയുടെ ഭാഗമായി ആരംഭിക്കും. അഞ്ചുവർഷം കൊണ്ട് പാമ്പുകടി മരണങ്ങൾ പൂർണ്ണമായി ഇല്ലാതാക്കാനും, ആദ്യ രണ്ടു വർഷങ്ങളിൽ മരണനിരക്ക് പകുതിയായി കുറയ്ക്കാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

✪✪✪

സംസ്ഥാനത്ത് IAS ഉദ്യോഗസ്ഥരുടെ ചുമതലകളിൽ ഏതാനും മാറ്റങ്ങൾ വരുത്തി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുഹമ്മദ് ഹനീഷിന് കായിക - യുവജനകാര്യ വകുപ്പിന്റെ അധിക ചുമതല നൽകി. തൊഴിൽ - നൈപുണ്യ വകുപ്പ് സെക്രട്ടറി ഡോ. K വാസുകിക്കാണ് മൃഗ സംരക്ഷണ - ക്ഷീര വികസന വകുപ്പിന്റെയും മ്യൂസിയം വകുപ്പിന്റെയും അധിക ചുമതല. തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായ TV അനുപമയിൽ നിന്ന് റവന്യൂ (ദേവസ്വം) വകുപ്പിന്റെ അധിക ചുമതല ഒഴിവാക്കി. ഫിഷറീസ് വകുപ്പിന്റെ പുതിയ സ്പെഷ്യൽ സെക്രട്ടറിയായി അബ്ദുൾ നാസറിനെ നിയമിച്ച് ഉത്തരവായി.

✪✪✪

ചരിത്രപ്രസിദ്ധമായ മാമാങ്കം അനുസ്മരിച്ച് തിരുനാവായയിൽ ആഘോഷങ്ങൾക്ക് തുടക്കമായി. നാവമുകുന്ദ ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർ TC ബിജു കൊടിക്കൂറ നാട്ടിയതോടെയാണ് മാമാങ്കോത്സവത്തിന് തുടക്കമായത്. മാമാങ്കം മെമ്മോറിയൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ഘോഷയാത്രയും ചരിത്രസ്മൃതി പ്രഭാഷണവും സംഘടിപ്പിച്ചിരുന്നു. രണ്ടാം ദിവസമായ ഇന്ന് പ്രാദേശിക ടൂറിസവും വരുമാന സാധ്യതകളും എന്ന വിഷയത്തിൽ സെമിനാർ നടക്കും.

✪✪✪

38-ാമത് ദേശീയ ഗെയിംസ്, പുരുഷ ഫുട്ബോൾ കിരീടം കേരളത്തിന്. ഫൈനലിൽ ഉത്തരാഖണ്ഡിനെ എതിരില്ലാത്ത ഒരു ഗോളിനാണ് കേരളം തോൽപ്പിച്ചത്. 27 വർഷത്തിന് ശേഷമാണ് കേരള പുരുഷ ടീം ഫുട്ബോളിൽ സ്വർണം നേടുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

......വോയ്സ്......

ദേശീയ ഗെയിംസിന്റെ അത്‌ലറ്റിക് മത്സരങ്ങൾ ഇന്നാരംഭിക്കും. കഴിഞ്ഞ ഗെയിംസിൽ 14 മെഡൽ നേടിയ കേരളം പ്രതീക്ഷയോടെയാണ് ട്രാക്കിലിറങ്ങുന്നത്. ട്രിപ്പിൾ ജംപിൽ കഴിഞ്ഞ മൂന്ന് ദേശീയ ഗെയിംസിലും സ്വർണം നേടിയ NV ഷീന, പോൾവോൾട്ട് താരം മരിയ ജെയ്സൺ, ഹൈജംപ് താരം എയ്ഞ്ചൽ ദേവസ്യ എന്നിവർ കേരള ടീമിലുണ്ട്.

റീബ അന്ന ജോർജ്ജ്, മരിയ ജെയ്സൺ, പുരുഷ ലോങ് ജംപിൽ അനുരാഗ്, അലക്സ് പി തങ്കച്ചൻ, കെ സ്നേഹ, ടി എസ് മനു എന്നിവർ ഇന്ന് മത്സരിക്കാനിറങ്ങും. ദേശീയ ഗെയിംസിൽ പോയിന്റ് പട്ടികയിൽ എട്ടാം സ്ഥാനത്താണ് കേരളം.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റ് ക്വാർട്ടർ ഫൈനലിൽ കേരളം ഇന്ന് ജമ്മു കശ്മീരിനെ നേരിടും. പുണെയിലെ മഹാരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ രാവിലെ ഒൻപതരയ്ക്കാണു മത്സരം. അഞ്ചുവർഷത്തിനു ശേഷമാണ് കേരളം ക്വാർട്ടർ കളിക്കുന്നത്.

✪✪✪

ഗോവയിൽ ഐ ലീഗ് ഫുട്ബോൾ മത്സരത്തിൽ ഗോകുലം കേരളക്ക് തോൽവി. പനാജിയിൽ ചർച്ചിൽ ബ്രദേഴ്സ് ഒന്നിനെതിരെ രണ്ട് ഗോളിനാണ് ഗോകുലത്തെ പരാജയപെടുത്തിയത്. ഈ മാസം 12ന് കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ റിയൽ കശ്മീരിനെതിരേയാണ് ഗോകുലത്തിന്റെ അടുത്ത മത്സരം.

✪✪✪

ഇന്ത്യൻ വനിതാ ഫുട്ബോൾ ലീഗിൽ ചെന്നൈയിലെ എവേ മത്സരത്തിൽ ഗോകുലം കേരളക്ക് വിജയം. സേതു FCയെ ഒന്നിനെതിരെ 4 ഗോളിനാണ് ഗോകുലം തോൽപ്പിച്ചത്. മാർച്ച് ഒൻപതിനാണ് ഗോകുലം കേരളയുടെ അടുത്ത മത്സരം.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ഹൈദരാബാദിൽ വൈകിട്ട് അഞ്ചിന് ഹൈദരാബാദ്, മുഹമ്മദൻ SC-യെയും, വൈകിട്ട് ഏഴരക്ക് കൊൽക്കത്തയിൽ ഈസ്റ്റ് ബംഗാൾ, ചെന്നൈയിൻ FC-യെയും നേരിടും.

✪✪✪

കണ്ണൂരിൽ സംസ്ഥാന ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ ജൂനിയർ വിഭാഗം സെമിഫൈനലിൽ ഇന്ന് തിരുവനന്തപുരം കോഴിക്കോടിനെയും എറണാകുളം കണ്ണൂരിനെയും നേരിടും. ഫൈനൽ മത്സരം ഉച്ചക്കാണ്.

✪✪✪

CSR ഫണ്ട് ഉപയോഗിച്ച് പകുതി വിലയ്ക്ക് ഇരു ചക്രവാഹനം വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ സംഭവത്തിൽ കണ്ണൂർ ജില്ലയിൽ ഇന്നലെ 50 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. ഇതോടെ ജില്ലയിലെ ആകെ കേസുകളുടെ എണ്ണം 2,102 ആയി. 60 പേരെ പോലീസ് ചോദ്യം ചെയ്തു.

✪✪✪

കന്യാകുമാരി - പുനലൂർ - കന്യാകുമാരി ട്രെയിനിന് പരവൂരിൽ ഇന്നു മുതൽ സ്റ്റോപ്പ് അനുവദിക്കും. പരവൂരിൽ എത്തുന്ന ട്രെയിനിന്റെ ഫ്ളാഗ് ഓഫ് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നിർവ്വഹിക്കും.

✪✪✪

ചെന്നൈ ഡിവിഷനിലെ ട്രാക്ക് അറ്റകുറ്റ പണികളെ തുടർന്ന് മറ്റന്നാൾ മുതൽ ഈ മാസം 28 വരെ തിരുവനന്തപുരം സെക്കന്തരാബാദ് ശബരി എക്സ്പ്രസിന്റെ യാത്രാസമയത്തിൽ മാറ്റം വരുത്തിയതായി റെയിൽവേ അറിയിച്ചു. 10,12,14,17,19,21,24,26,28 തിയതികളിൽ മൂന്ന് മണിക്കൂർ 25 മിനിറ്റ് വൈകിയായിരിക്കും ട്രെയിൻ പുറപ്പെടുക,

✪✪✪

വയനാട് മണ്ഡലത്തിലെ പരിപാടികളിൽ പങ്കെടുക്കാൻ AICC. ജനറൽ സെക്രട്ടറി കൂടിയായ പ്രിയങ്ക ഗാന്ധി MP ഇന്ന് എത്തും. രാവിലെ കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് പ്രിയങ്ക റോഡ് മാർഗം വയനാട്ടിലേക്ക് യാത്ര തിരിക്കും.

രാവിലെ മാനന്തവാടി, സുൽത്താൻ ബത്തേരി, കല്പറ്റ നിയോജകമണ്ഡലങ്ങളിലെ UDF ബൂത്ത് തല നേതൃ സംഗമങ്ങളിൽ അവർ പങ്കെടുക്കും. വൈകിട്ട് കണിയാംപറ്റ പള്ളിക്കുന്ന് ലൂർദ്ദ് മാതാ പള്ളിയും പ്രിയങ്ക സന്ദർശിക്കും.

✪✪✪

രാജ്യത്തിന്റെ സംസ്കാരം, ഭാഷ, ശാസ്ത്രം, വിദ്യാഭ്യാസം എന്നിവയെ വളർത്തിയെടുത്തതിൽ റേഡിയോയുടെ പങ്ക് മഹത്തരമാണെന്ന് ഭാരതീയ വിചാരകേന്ദ്രം ഡയറക്ടർ R സഞ്ജയൻ പറഞ്ഞു. മാവേലിക്കര രാജ്യാന്തര പുസ്തകോത്സവ വേദിയിൽ ആകാശവാണി പ്രക്ഷേപണത്തിന്റെ 75 വർഷം എന്ന സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

✪✪✪

കാഞ്ഞങ്ങാട് പടന്നക്കാട് ഇന്നലെ രാത്രി ബൈക്കും ലോറിയും കൂട്ടിയിടിച്ച് ബൈക്ക് യാത്രക്കാരായ രണ്ട് യുവാക്കൾ മരിച്ചു.

കാഞ്ഞങ്ങാട് പഴയ കടപ്പുറത്തെ ആഷിഖ്, തൻവീർ പാഷ എന്നിവരാണ് മരിച്ചത്.

✪✪✪

സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇന്ന് സാധാരണയെക്കാൾ രണ്ട് മുതൽ മൂന്ന് ഡിഗ്രി വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദ്ദേശമുണ്ട് .

✪✪✪

വിദ്യാർത്ഥികൾ പഠനത്തോടൊപ്പം നൈപുണ്യ വികസനത്തിനും പ്രാധാന്യം നൽകണമെന്ന് ജമ്മു ക്ലസ്റ്റർ സർവകലാശാല വൈസ് ചാൻസലർ ഡോ. KS ചന്ദ്രശേഖർ നിർദേശിച്ചു. തിരുവനന്തപുരം ചെറിയകൊണ്ണി IMDR കോളേജിൽ ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ ആദരിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു ചന്ദ്രശേഖർ.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*Casual News Readers : ഹബീബ് റഹ്മൻ,*
*ഫസ്ന ഫാത്തിമ,*
*DEO: സുബോധ് സി കെ*